"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന സ്കൂൾ കായികമേളയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കായി ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1979/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:-
1. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 14.09.2026 തീയതിയിലെ കത്ത്.
2. 22.09.2026 തീയതിയിൽ ബഹു.കുന്നമംഗലം എംഎൽഎ സർക്കാരിൽ സമർപ്പിച്ച കത്ത്.

**ഉത്തരവ്**

2026 ഒക്ടോബർ 25 മുതൽ ചാത്തമംഗലം എൻ.ഐ.ടി. ഗ്രൗണ്ടിൽ നടക്കുന്ന കേരള സംസ്ഥാന സ്കൂൾ കായികമേളയോടനുബന്ധിച്ച്, എൻ.ഐ.ടി. ഗ്രൗണ്ടിലേക്കുള്ള പ്രവേശന പാതയായ ചെത്തുകടവ് മുതൽ കെട്ടാങ്ങൽ വരെയുള്ള റോഡിന്റെ ഇരുവശങ്ങളും വൃത്തിയാക്കുന്നതിനും പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനുമുള്ള ചെലവ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്ന് വഹിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ബഹു. കുന്നമംഗലം എം.എൽ.എ. ശ്രീ. റസാഖ് മാസ്റ്റർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സ്കൂൾ കായികമേളയുടെ സുഗമമായ നടത്തിപ്പിനായി എൻ.ഐ.ടി ഗ്രൗണ്ടിലേക്കുള്ള പ്രവേശന പാതയായ ചെത്തുകടവ് മുതൽ കെട്ടാങ്ങൽ വരെയുള്ള റോഡിന്റെ ഇരുവശങ്ങളും വൃത്തിയാക്കുന്നതിനും പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനുമായി ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി ₹200000/-(രണ്ടു ലക്ഷം രൂപ മാത്രം) വരെ ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Assim M S
Date: 23-10-2026
17:30:50
സെക്ഷൻ ഓഫീസർ